പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5931 | 28.03.2018 ൽ മറുപടിയ്ക്ക് |
|---|---|
| **വാമനപുരം ഗ്രാമപഞ്ചായത്തിലെ അംഗൻവാടി** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.ഡി.കെ മുരളി** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) വാമനപുരം നിയോജകമണ്ഡലത്തിലെ വാമനപുരം ഗ്രാമപഞ്ചായത്തിലെ ഗ്രാമീണ നഗർ 22 -ാം നമ്പർ അംഗൻവാടിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ; | (എ) വാമനപുരം ഗ്രാമപഞ്ചായത്തിലെ 22 -ാം നമ്പർ അംഗൻവാടിയുടെ കെട്ടിട നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല. |
| (ബി) പ്രസ്തുത പദ്ധതിക്കായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും മറ്റുമുള്ള വിശദവിവരങ്ങൾ നൽകാമോ; | (ബി)ടി പ്രവൃത്തിയ്ക്കായി 11,66,000/- രൂപയാണ് അനുവദിച്ചിട്ടുള്ളത്. കെട്ടിട നിർമ്മാണം നടത്തുന്നതിനുള്ള ചുമതല പി.ഡബ്ല്യു.ഡി ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. |
| (സി) അംഗൻവാടി നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ? | (സി)വാമനപുരം ഗ്രാമപഞ്ചായത്തിലെ 22 -ാം നമ്പർ അംഗൻവാടിയുടെ കെട്ടിട നിർമ്മാണത്തിനായി ലഭ്യമായ സ്ഥലം താഴ്ന്ന പ്രദേശമായതിനാൽ, പദ്ധതിയ്ക്ക് അനുവദിച്ചിട്ടുള്ള 11,66,000/- രൂപ കെട്ടിടനിർമ്മാണത്തിന് പര്യാപ്തമല്ല എന്ന് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഇക്കാര്യങ്ങളെല്ലാം പരിശോധിച്ച് കെട്ടിടനിർമ്മാണം ആരംഭിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ